# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഒക്ടോബർ 4<br>October 4 | 2019 |
|---|---|

*1193 കന്നി 18 വെള്ളി*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**വിവിധോദ്ദേശ സഹകരണ സംഘം രൂപീകരിക്കാം**

ജില്ലയിലെ സ്കിൽഡ്, അൺസ്കിൽഡ് തൊഴിലാളികളായ മരപ്പണി, കെട്ടിട നിർമാണം, പെയിന്റിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ വർക്ക്, കൽപ്പണി, വെൽഡിംഗ്, കാറ്ററിംഗ്, ഐ.റ്റി, മോട്ടോർ വാഹന റിപ്പയറിംഗ്, ഡ്രൈവിംഗ്, തെങ്ങുകയറ്റം, കാർഷിക അധിഷ്ഠിത ജോലികളിൽ ഉൾപ്പെടുന്നവർ എന്നിവരെ ഉൾപ്പെടുത്തി വിവിധോദ്ദേശ സഹകരണ സംഘം രൂപീകരിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരവും അപേക്ഷാ ഫോറവും അതത് ബ്ലോക്കിലെ വ്യവസായ വികസന ഓഫീസർമാർ, താലൂക്ക് വ്യവസായ ഓഫീസുകൾ, ജില്ലാ വ്യവസായ കേന്ദ്രം എന്നിവിടങ്ങളിൽ ലഭിക്കും. ഫോൺ: 9495753773, 0468 2214639.

(പിഎൻപി 2760/19)

**കരകൗശല തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്**

ജില്ലയിൽ കരകൗശല മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതിന് അപേക്ഷിക്കാം. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ റേഷൻകാർഡ്, ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ഈ മാസം 19നകം അതത് താലൂക്ക് വ്യവസായ ഓഫീസുകളിലോ ജില്ലാ വ്യവസായ കേന്ദ്രത്തിലോ നൽകണം. ഫോൺ: ജില്ലാ വ്യവസായ കേന്ദ്രം-0468 2214639, ഡെപ്യൂട്ടി രജിസ്ട്രാർ-9495753773, താലൂക്ക് വ്യവസായ ഓഫീസ് അടൂർ-9846996421, തിരുവല്ല- 9846697475, പത്തനംതിട്ട- 9446185491.

(പിഎൻപി 2761/19)

## കുംഭാരകോളനികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് അപേക്ഷിക്കാം

പരമ്പരാഗത കളിമൺപാത്ര നിർമാണ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതിക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് അപേക്ഷ ക്ഷണിച്ചു. കോളനി സ്ഥിതിചെയ്യുന്ന തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ഒപ്പുവച്ച വിശദമായ പ്രോജക്ട് പ്രൊപ്പോസൽ, ആവശ്യമായ പ്രവൃത്തികൾ സംബന്ധിച്ച റഫ് കോസ്റ്റ് എസ്റ്റിമേറ്റ്, തദ്ദേശഭരണ സ്ഥാപനത്തിന്റെ കമ്മിറ്റി തീരുമാനം, സെക്രട്ടറിയുടെ ശിപാർശ കത്ത് എന്നിവ സഹിതം അപേക്ഷിക്കണം. അപേക്ഷ ഈ മാസം 30നകം ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യൻകാളി ഭവൻ, നാലാംനില, കനക നഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ എന്നി വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരം എന്ന വെബ്സൈറ്റിൽ ലഭിക്കും. (പിഎൻപി 2762/19)

## ലേലം ഇന്ന് (5)

കോന്നി സബ്ട്രഷറി പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്നപ്പോൾ ഉപയോഗിച്ച കൗണ്ടറുകളും സ്ട്രോംഗ് റൂമിന്റെ വാതിലും ഇന്ന് (5) പകൽ 11ന് കോന്നി മിനി സിവിൽ സ്റ്റേഷനിലുള്ള സബ്ട്രഷറി വളപ്പിൽ ലേലം ചെയ്യും. ഫോൺ: 0468 2242318.

(പിഎൻപി 2763/19)

## ശബരിമല തീർഥാടനം: കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു

ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടന കാലളവിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നിലയ്ക്കൽ ബേസ് ക്യാമ്പ്, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷിക്കാം. 20നും 40നും മധ്യേ പ്രായമുള്ള, ബിരുദധാരികളായിരിക്കണം അപേക്ഷകർ. കംപ്യൂട്ടർ, ഇന്റർനെറ്റ്, ഹാം റേഡിയോ, ജിഐഎസ്, ജിപിഎസ് മുതലായവയിൽ സാങ്കേതിക പരിജ്ഞാനം ഉണ്ടായിരിക്കണം. ദുരന്തനിവാരണ വിഷയത്തിൽ പഠന യോഗ്യതയുള്ളവർക്കും മുൻകാലങ്ങളിൽ ഇത്തരം പ്രവർത്തനങ്ങളിൽ പരിചയമുള്ളവർക്കും മുൻഗണന ലഭിക്കും. ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നിവയ്ക്ക് പുറമേ മറ്റ് തെക്കേ ഇൻഡ്യൻ ഭാഷകളിലുള്ള പ്രാവീണ്യം അഭിലഷണീയമാണ്. അപേക്ഷകർ മുഴുവൻ സമയവും ജോലി ചെയ്യാൻ തയാറായിരിക്കണം. മണ്ഡല-മകരവിളക്ക് കാലയളവ് അവസാനിക്കുന്നതുവരെയാണ് നിയമനം. താത്പര്യമുള്ളവർ ഈ മാസം 15ന് രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വാക്ക്-ഇൻ-ഇന്റർവ്യൂവിന് ഹാജരാകണം. കൂടുതൽ വിവരം 0468 2322515 എന്ന നമ്പരിൽ ലഭിക്കും. (പിഎൻപി 2764/19)

## ഗാന്ധിയൻ സെമിനാർ നാളെ (6)

മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തോട് അനുബന്ധിച്ച് ജില്ലാ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ സഹകരണത്തോടെ നാളെ(6) സെമിനാർ സംഘടിപ്പിക്കും. പത്തനംതിട്ട ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ രാവിലെ 11നാണ് ഗാന്ധിയൻ സെമിനാർ സംഘടിപ്പിക്കുന്നതെന്ന് സാക്ഷരതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഡോ.വി.വി മാത്യു അറിയിച്ചു. (പിഎൻപി 2765/19)

## പെരുമാറ്റച്ചട്ട ലംഘനം തടയാൻ സി വിജിൽ ആപ്പ്

കോന്നി ഉപതെരഞ്ഞെടുപ്പിൽ പെരുമാറ്റച്ചട്ടം ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ വോട്ടർമാർക്ക് സി വിജിൽ എന്ന ആപ്പിൽ പരാതിപ്പെടാം. പരാതി ലഭിച്ചാൽ നൂറ് മിനിറ്റനകം

പരിഹാരം കാണണമെന്നാണ് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കളക്ടർ പി.ബി നൂഹ് നിർദേശം നൽകിയിരിക്കുന്നത്. പെരുമാറ്റച്ചട്ട ലംഘനവുമായി ബന്ധപ്പെട്ട പരാതികൾ മാത്രമേ സി വിജിൽ ആപ്പിലൂടെ സ്വീകരിക്കൂ. ചട്ടലംഘനങ്ങളുടെ ഫോട്ടോ, രണ്ടു മിനിറ്റിൽ കൂടാതെയുള്ള വീഡിയോ എന്നിവ സഹിതം ചെറുകുറിപ്പുകളോടെ പരാതികൾ അപ്‌ലോഡ് ചെയ്യാം. ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ച് ചട്ടലംഘനം നടന്ന സ്ഥലം കണ്ടെത്താനാകും. പരാതി അപ്‌ലോഡ് ചെയ്തു കഴിയുന്നതോടെ ഒരു യുണീക് ഐഡി ലഭിക്കും. ഇതിലൂടെ പരാതിയുടെ ഫോളോ അപ്പ് മൊബൈലിൽ തന്നെ ട്രാക്ക് ചെയ്യാൻ കഴിയും. ഒരാൾക്ക് ഒന്നിലധികം ചട്ടലംഘനം റിപ്പോർട്ട് ചെയ്യാൻ കഴിയുമെന്നതാണ് മറ്റൊരു പ്രത്യേകത. പരാതിക്കാരന്റെ പേരുവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും. ആപ്പിന്റെ ദുരുപയോഗം തടയുന്നതിനുള്ള ഫീച്ചറുകൾ ഇതിൽ തന്നെയുണ്ട്. ഫോട്ടോയോ വീഡിയയോ ക്ലിക്ക് ചെയ്തതിനു ശേഷം സംഭവം റിപോർട്ട് ചെയ്യാൻ അഞ്ചു മിനിറ്റ് ലഭിക്കും. നേരത്തെ റെക്കോഡ് ചെയ്ത വീഡിയോയോ പഴയ ഫോട്ടോ അപ്ലോഡ് ചെയ്യാൻ സാധ്യമല്ല. ആപ് വഴി നൽകുന്ന പരാതി കൺട്രോൾ റൂമിൽ ലഭിക്കുകയും ഇവിടെ നിന്നും ആന്റി ഡിഫേസ്മെന്റ് സ്ക്വാഡിന് കൈമാറുകയും ചെയ്യും. പത്ത് സ്ക്വാഡുകളാണ് കോന്നി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ പ്രവൃത്തിക്കുന്നത്. സി വിജിൽ ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. (ഉപതെരഞ്ഞെടുപ്പ് 30/19)

## കോന്നി തെരഞ്ഞെടുപ്പ്; സംശയനിവാരണത്തിന് 1950ൽ വിളിക്കാം

കോന്നി നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപെട്ട് പൊതുജനങ്ങൾക്കുള്ള സംശയനിവാരണത്തിനും പരാതികൾക്കും 1950 എന്ന നമ്പരിലേക്കു വിളിക്കാം. തെരഞ്ഞെടുപ്പ് കമ്മീഷന്റെ ടോൾ ഫ്രീ നമ്പരിലേക്കു വിളിച്ച് പൊതുജനങ്ങൾക്ക് തെരഞ്ഞെടുപ്പ് സംബന്ധമായ സേവനങ്ങൾ ലഭിക്കുന്നതിനു മാത്രമല്ല പുതിയ വോട്ടർമാർക്ക് വേണ്ട നിർദേശങ്ങൾ ലഭിക്കുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഈ സംവിധാനത്തിലൂടെ സാധിക്കും. (ഉപതെരഞ്ഞെടുപ്പ് 31/19)

## പെരുമാറ്റചട്ട ലംഘന പരാതികൾ നേരിട്ടും വിളിച്ചു പറയാം

കോന്നി ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ട ലംഘന പരാതികൾ നേരിട്ട് വിളിച്ചു പറയാം. കളക്ടറേറ്റിലെ എഡിഎം ഓഫീസിലെ 0468 2222507, കോന്നി താലൂക്ക് ഓഫീസിലെ 0468 2240087 എന്നീ നമ്പറുകളിലേക്ക് 24 മണിക്കൂറും പൊതുജനങ്ങൾക്ക് വിളിക്കാം. (ഉപതെരഞ്ഞെടുപ്പ് 32/19)

## കോന്നി ഉപതെരഞ്ഞെടുപ്പ്; 112 കേന്ദ്രങ്ങളിൽ 212 ബൂത്തുകൾ

കോന്നി നിയോജകമണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പിന് 112 കേന്ദ്രങ്ങളിലായി 212 പോളിംഗ് ബൂത്തുകൾ പ്രവർത്തിക്കും. ഇതിൽ ഭൂരിഭാഗം ബൂത്തുകളും ഗ്രാമപ്രദേശങ്ങളിലാണ്. മണ്ഡലത്തിലെ അഞ്ച് പോളിംഗ് ബൂത്തുകൾ മാതൃക പോളിംഗ് ബൂത്തുകളായിരിക്കും.ജി.എച്ച്.എസ്.എസ് കോന്നി, ഗവ എൽ.പി സ്കൂൾ കോന്നി, ഗവ എൽ.പി സ്കൂൾ വള്ളിക്കോട് മായാലിൽ, പി.ഡി.യു.പി സ്കൂൾ, ന്യൂമാൻ സെൻട്രൽ സ് കൂൾ മനഗോട് എന്നിവിടങ്ങളിലായിരിക്കും മാത്രക പോളിംഗ് ബൂത്തുകൾ. കോന്നി എലിയറക്കൽ അമൃത വിഎച്ച്എസ് സ്കൂളിലെ ബൂത്തുകൾ പൂർണമായും വനിതകൾ മാത്രം കൈകാര്യം ചെയ്യും. (ഉപതെരഞ്ഞെടുപ്പ് 33/19)

## വോട്ട് ചെയ്യാൻ 12 തരം തിരിച്ചറിയൽ രേഖകൾ ഉപയോഗിക്കാം

കോന്നി നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ

സമ്മതിദായകരെ തിരിച്ചറിയുന്നതിന് 12 തരത്തിലുള്ള തിരിച്ചറിയൽ രേഖകൾ ഉപയോഗിക്കാം. വോട്ടർ തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, കേന്ദ്ര-സംസ്ഥാന-പൊതുമേഖല സ്ഥാപനങ്ങൾ, പൊതുമേഖല കമ്പനികൾ എന്നിവ ജീവനക്കാർക്ക് അനുവദിക്കുന്ന സർവീസ് തിരിച്ചറിയൽ രേഖ, ബാങ്ക്-പോസ്റ്റ് ഓഫീസ് എന്നിവ അനുവദിക്കുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക്, പാൻ കാർഡ്, കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ വിവിധ പദ്ധതികളുടെ ഭാഗമായി അനുവദിച്ചിട്ടുള്ള സ്മാർട് കാർഡ്, തൊഴിലുറപ്പ് പദ്ധതി ജോബ് കാർഡ്, കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ പദ്ധതിയുടെ ഭാഗമായി അനുവദിച്ച ആരോഗ്യ ഇൻഷുറൻസ് സ്മാർട്കാർഡ്, ഫോട്ടോ പതിച്ച പെൻഷൻ കാർഡ്, എംപി/എംഎൽഎ എന്നിവർക്ക് അനുവദിച്ചിട്ടുള്ള ഔദ്യോഗിക തിരിച്ചറിയൽ രേഖ, ആധാർ കാർഡ് എന്നീ തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് വോട്ട് ചെയ്യാം. ഫോട്ടോ പതിച്ച വോട്ടർ സ്ലിപ് സമ്മതിദാന കേന്ദ്രങ്ങളിൽ വോട്ടറെ തിരിച്ചറിയുന്നതിനുള്ള ഔദ്യോഗിക രേഖയല്ല. വോട്ടർ സ്ലിപ് സമ്മതിദായകന് മാർഗ നിർദേശം നൽകുന്നതിനു വേണ്ടിയാണ് വിതരണം ചെയ്യുന്നത്.

(ഉപതെരഞ്ഞെടുപ്പ് 34/19)



# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ഒക്ടോബർ 4<br>October 4 | 2019 |
|---|---|

*1193 കന്നി 18 വെള്ളി*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ഗാന്ധിജയന്തി വാരാചരണം:**
**എഴിക്കാട് കോളനിയിൽ സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു**

മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഗാന്ധിജയന്തി വാരാചരണത്തിന്റെ ഭാഗമായി പട്ടികജാതി വികസനവകുപ്പ്, ആരോഗ്യവകുപ്പ്, ജില്ലാ ഇൻഫർമേഷൻ ഓഫീസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ആറന്മുള എഴിക്കാട് പട്ടികജാതി കോളനിയിൽ സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി. അലോപ്പതി, ആയുർവേദം, ഹോമിയോ വിഭാഗങ്ങൾ സംയുക്തമായി എഴിക്കാട് കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ച ക്യാമ്പ് ചലചിത്രസംവിധായകൻ ഡോ.ബിജു ഉദ്ഘാടനം ചെയ്തു. ഗാന്ധിജി വിഭാവനം ചെയ്ത ആരോഗ്യസേവനം സമൂഹത്തിന്റെ താഴേത്തട്ടിലേക്കും ഗ്രാമപ്രദേശങ്ങളിലേക്കും സമൂഹത്തിന്റെ അടിസ്ഥാന ജനവിഭാഗങ്ങളിലേക്കും എത്തിക്കുക എന്നതാണെന്ന് ഡോ.ബിജു പറഞ്ഞു. ക്യാമ്പിലെത്തിയവർക്ക് തുടർചികിത്സ ആവശ്യമായവർക്ക് വീണ്ടും ക്യാമ്പ് സംഘടിപ്പിക്കുകയും അവർക്ക് വേണ്ട ചികിത്സ ലഭ്യമാക്കാനാണ് ഈ ക്യാമ്പ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

ആയുർവേദ വിഭാഗത്തിൽ നീർവിളാകം ഗവ. ആയുർവേദ ഡിസ്പൻസറി ഡോ.അശ്വതി, എൻ.എച്ച്.ആർ.എം മെഡിക്കൽ ഓഫീസർ ഡോ.നിത്യ എന്നിവരും അലോപ്പതി വിഭാഗത്തിൽ വല്ലന മെഡിക്കൽ ഓഫീസർ ഡോ.അനീഷ് കെ. സോമൻ, കോഴഞ്ചേരി ജില്ലാ ആശുപത്രി പീഡിയാട്രീഷൻ ഡോ.രശ്മിരേഖ എന്നിവരും ഹോമിയോ വിഭാഗത്തിൽ ആറന്മുള ചീഫ് മെഡിക്കൽ ഓഫീസർ ഡോ.സജി ജോൺ, കോഴഞ്ചേരി മെഡിക്കൽ ഓഫീസർ ഡോ. നെബു പി. മാത്യുവും ക്യാമ്പിലെത്തിയവർക്ക് വേണ്ട

ചികിത്സയും മരുന്നും നൽകി. ജില്ലാപട്ടികജാതി വികസന ഓഫീസർ എസ്.എസ്. ഗീത, സീനിയർ ക്ലാർക്ക് ഗീതാകുമാരി, വാർഡ് മെമ്പർമാരായ വിലാസിനി, സൂസൻ തുടങ്ങിയവർ ക്യാമ്പിൽ പങ്കെടുത്തു.

## ക്യാമ്പിലെത്തിയത് ഇരുന്നൂറോളം പേർ

ഗാന്ധിജയന്തി വാരാചരണത്തോട് അനുബന്ധിച്ച് എഴിക്കാട് നടത്തിയ മെഗാ മെഡിക്കൽ ക്യാമ്പ് പ്രയോജനപ്പെടുത്തിയത് ഇരുന്നൂറിലധികം പേർ. കേരളത്തിലെതന്നെ ഏറ്റവും വലിയ രണ്ടാമത്തെ പട്ടികജാതി കോളനിയാണ് എഴിക്കാട്.
ആയുർവേദം, അലോപ്പതി, ഹോമിയോ വിഭാഗങ്ങൾ സംയുക്തമായി കമ്മ്യുണിറ്റി ഹാളിൽ ക്യാമ്പ് സംഘടിപ്പിച്ചത്. ക്യാമ്പിലെത്തിയവരെ പരിശോധിച്ച് ആവശ്യമായവർക്ക് സൗജന്യമായി മരുന്നും വിതരണം ചെയ്തു. രാവിലെ 10 ന് ആരംഭിച്ച ക്യാമ്പ് ഉച്ചകഴിഞ്ഞ് മൂന്നു മണിയോടെയാണ് സമാപിച്ചത്.

തുടർചികിത്സ ആവശ്യമായവർക്ക് വീണ്ടും ക്യാമ്പ് സംഘടിപ്പിച്ച് അവർക്ക് വേണ്ട ചികിത്സ ഇതിലൂടെ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് ക്യാമ്പ് ഉദ്ഘാടനം ചെയ്ത ഡോ.ബിജു പറഞ്ഞു. സ്ത്രീകളാണ് ക്യാമ്പിൽ കൂടുതലായി എത്തിയത്.

(പിഎൻപി 2766/19)

## ഐക്യത്തിലൂടെ അതിജീവനം എന്ന വിഷയത്തിൽ വിദ്യാർഥികൾക്ക് മത്സരങ്ങൾ ഇന്ന് (5)

മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തിന്റെ ഭാഗമായി പട്ടിക വർഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലഭരണകൂടത്തിന്റെയും ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെയും സഹകരത്തോടെ 'ഐക്യത്തിലൂടെ അതിജീവനം' എന്ന വിഷയം ആസ്പദമാക്കി പ്രസംഗം, ഉപന്യാസം, ചിത്രരചന, ക്വിസ് മത്സരങ്ങൾ നടത്തും. കടുമീൻചിറ പ്രീ മെട്രിക് ഹോസ്റ്റൽ(ആൺകുട്ടികൾ), ചിറ്റാർ പ്രീ മെട്രിക് ഹോസ്റ്റൽ (പെൺകുട്ടികൾ) എന്നിവിടങ്ങളിൽ ഇന്ന് (5) രാവിലെ 10ന് മത്സരങ്ങൾ ആരംഭിക്കും.

(പിഎൻപി 2767/19)

## ജില്ലയിൽ നാളെ (5) മഞ്ഞ അലർട്ട്

കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ ഏറ്റവും പുതിയ മഴ സാധ്യത പ്രവചന പ്രകാരം പത്തനംതിട്ട ജില്ലയിൽ നാളെ (5) ഇടിയോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. ജില്ലയിൽ നാളെയും എട്ടിനും മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. ജില്ലാ കളക്ടർ പി .ബി നൂഹ് പൊതു ജനങ്ങൾക്കു വേണ്ടി സുരക്ഷ മുന്നറിയിപ്പ് നൽകി.

മഴയോടനുബന്ധിച്ച് ഉച്ചക്ക് രണ്ട് മണി മുതൽ വൈകിട്ട് 10 വരെയുള്ള സമയത്ത് ശക്തമായ ഇടിമിന്നലിനുള്ള സാധ്യതയുണ്ട്. പൊതുജനങ്ങൾ ഇടിമിന്നൽ ചെറുക്കുവാനുള്ള മുൻകരുതൽ സ്വീകരിക്കണം. ഉരുൾപൊട്ടൽ സാധ്യത ഉള്ളതിനാൽ മലയോരമേഖലയിലേക്കുള്ള യാത്ര പരമാവധി ഒഴിവാക്കണം. പുഴകളിലും തോടുകളിലും ജല നിരപ്പ് ഉയരുവാൻ സാധ്യതയുള്ളതിനാൽ ഒരു കാരണവശാലും തോടുകളും പുഴയും മുറിച്ചു കടക്കരുത്.

മഞ്ഞ അലർട്ടു പ്രഖ്യാപിച്ച വേളയിൽ വരും ദിവസങ്ങളിലെ മഴ സംബന്ധിച്ച അലർട്ടുകൾ മാധ്യമങ്ങളിൽ ശ്രദ്ധയോടെ നിരീക്ഷിക്കണം. ഡാമുകളിലെ ജലനിരപ്പ് സംബന്ധിച്ച കൃത്യമായ വിവരം നിരീക്ഷിക്കുക. കൃത്യമായ അറിയിപ്പുകൾ ലഭിക്കുന്നതിനായി ദൃശ്യ ശ്രവ്യ മാധ്യമങ്ങളോ മുഖ്യമന്ത്രിയുടെയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും ജില്ലാ കളക്ടറുടെയും ഫേസ്ബുക്ക് പേജുകൾ ശ്രദ്ധിക്കുക.

ജില്ലാ കളക്ടറേറ്റിലും എല്ലാ താലൂക്കാഫീസുകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജമാണ്. പൊതുജനങ്ങൾക്ക് ഫോൺ നമ്പരുകളിൽ

ബന്ധപ്പെടാം. കളക്ടറേറ്റ്-0468 2322515/2222515/8078808915, താലൂക്കാഫീസ് തിരുവല്ല-0469 2601303, കോഴഞ്ചേരി-04682222221, മല്ലപ്പള്ളി-0469 2682293, അടൂര്‍-04734 224826, റാന്നി-04735 227442, കോന്നി-0468 2240087.

(പിഎന്‍പി 2768/19)

## കോന്നി ഉപതെരഞ്ഞെടുപ്പ്: ചട്ടം ലംഘിച്ച 2,363 പ്രചാരണ സാമഗ്രികള്‍ നീക്കം ചെയ്തു

കോന്നി നിയോജക മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം ലംഘിച്ച് അനധികൃതമായി സ്ഥാപിച്ചിരുന്ന പ്രചാരണ സാമഗ്രികള്‍ നീക്കം ചെയ്തു.

അനധികൃതമായി സ്ഥാപിച്ചിരുന്ന 2,363 പ്രചാരണ സാമഗ്രികളാണ് ഇതുവരെ ആന്റി ഡിഫെയ്സ്മെന്റ് സ്ക്വാഡ്, ഫ്ളൈയിംഗ് സ്ക്വാഡ്, സ്റ്റാറ്റിക് സര്‍വെയ്ലന്‍സ് സ്ക്വാഡ്, വീഡിയോ സര്‍വെയ്ലന്‍സ് സ്കാഡ് എന്നിവര്‍ അടങ്ങുന്ന ഒന്‍പത് സംഘങ്ങള്‍ നീക്കം ചെയ്തത്. ഇതില്‍ 1913 പോസ്റ്റര്‍, 70 ബാനര്‍, 380 കൊടിതോരണങ്ങള്‍ എന്നിവ ഉള്‍പ്പെടും.

നോഡല്‍ ഓഫീസര്‍ കൂടിയായ എഡിഎം സജി എഫ് മെഡിസിന്റെ മേല്‍നോട്ടത്തിലാണ് സ്ക്വാഡുകള്‍ 24 മണിക്കൂറും നിയോജക മണ്ഡലത്തില്‍ പരിശോധന നടത്തുന്നത്. ജി.പി.ആര്‍.എസ് സംവിധാനങ്ങളോടെയാണ് സ്ക്വാഡുകളുടെ വാഹനങ്ങള്‍ സഞ്ചരിക്കുന്നത്. (ഉപതെരഞ്ഞെടുപ്പ് 35/19)

## ഫോട്ടോ അടിക്കുറിപ്പ്

1) പട്ടികജാതി വികസനവകുപ്പ്, ആരോഗ്യവകുപ്പ്, ജില്ലാ ഇന്‍ഫര്‍മേഷന്‍ ഓഫീസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തില്‍ ആറന്മുള എഴിക്കാട് പട്ടികജാതി കോളനിയില്‍ നടത്തിയ സൗജന്യ മെഗാ മെഡിക്കല്‍ ക്യാമ്പില്‍ നിന്ന്.

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.